**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3367** **26-06-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ കലണ്ടർ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ കലണ്ടർ പരിഷ്കരണം സംബന്ധിച്ച് സർക്കാർ അധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ചർച്ചയിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്ന് അറിയിക്കുമോ; പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | വിദ്യാഭ്യാസ കലണ്ടർ പരിഷ്കരണം സംബന്ധിച്ച് സർക്കാർ അധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. മിനിട്സിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. |
| (ബി) | വിദ്യാഭ്യാസ കലണ്ടർ പരിഷ്കരണം സംബന്ധിച്ച് അധ്യാപക സംഘടനകൾ പ്രതിഷേധം ഉയർത്തിയിരിക്കുന്ന സാഹചര്യത്തിൽ എന്തെങ്കിലും പുനർവിചിന്തനത്തിന് ആലോചിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട WP(C) 25120/2023 കേസിലെ 26/02/2024 ലെ വിധിന്യായം പാലിച്ചുകൊണ്ട് പുറപ്പെടുവിച്ച 25/04/2024 ലെ എസ്2(എ) 1599098/2023/ ഡി.ജി.ഇ. നമ്പർ ഉത്തരവിൽ വരും വർഷങ്ങളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം VII ചട്ടം 3 പ്രകാരമുള്ള പ്രവൃത്തി ദിനങ്ങൾ എത്തിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമെന്ന് അറിയിച്ചിരുന്നു. എന്നാൽ ടി കേസിലെ 23/05/2024 ലെ Contempt Case (C) No. 1134/2024(S) പ്രകാരം 06/06/2024 തീയതിയ്ക്ക് മുമ്പായി 2024-25 വർഷത്തെ അക്കാദമിക് കലണ്ടർ സംബന്ധിച്ച നിർദ്ദേശം നൽകുവാൻ ബഹു.ഹൈക്കോടതി ഉത്തരവിടുകയും, അതു പ്രകാരം instructions ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇവയുടെ അടിസ്ഥാനത്തിലാണ് 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തി കലണ്ടർ പ്രസിദ്ധീകരിച്ചത്.<br><br>2024-25 വർഷത്തെ വിദ്യാഭ്യാസ കലണ്ടർ ജൂൺ 3 ന് എറണാകുളം എളമക്കര സ്കൂളിൽ വച്ച് നടന്ന സംസ്ഥാന സ്കൂൾ പ്രവേശനോത്സവത്തിൽ പ്രകാശനം ചെയ്തിട്ടുണ്ട്. എന്നാൽ 2024-25 വർഷത്തെ അക്കാദമിക് കലണ്ടറിൽ 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തിയ കോടതി ഉത്തരവിനെതിരെ അധ്യാപക സംഘടനകൾ പുന:പരിശോധനാ ഹർജി നൽകിയിട്ടുണ്ട്. അതിന്മേലുള്ള കോടതി നടപടിക്രമം |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അന്തിമതീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

## 25/05/2024-ൽ 2024-25 വർഷത്തെ അക്കാദമിക് കലണ്ടറുമായി ബന്ധപ്പെട്ട് നടന്ന ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

ഹാജർ:-

1. എം.കെ.ഷൈൻമോൻ : പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
2. ഡോ.ജയപ്രകാശ് ആർ.കെ. : ഡയറക്ടർ എസ്.സി.ഇ.ആർ.ടി (ഓൺലൈൻ)
3. ശ്രീമതി.ശ്രീകല : ഡെപ്യൂട്ടി ഡയറക്ടർ, എസ്.എസ്.കെ (ഓൺലൈൻ)
4. ശ്രീ.ഗണേഷ് : കൈറ്റ്
5. ശ്രീമതി.ബദറുന്നിസ : കെ.എസ്.റ്റി.എ
6. ശ്രീ.അബ്ദുൾ മജീദ് : കെ.പി.എസ്.റ്റി.എ
7. ശ്രീ.ഒ.കെ.ജയകൃഷ്ണൻ : എ.കെ.എസ്.റ്റി.യു (ഓൺലൈൻ)
8. ശ്രീ.ഷാലു : കെ.എസ്.റ്റി.എഫ്
9. ശ്രീ.ഗോപകുമാർ : എൻ.റ്റി.യു
10. ശ്രീ.ഹരീഷ് കടവത്തൂർ : കെ.എസ്.റ്റി.സി
11. ശ്രീ.തമീമുദീൻ : കെ.എ.എം.എ
12. ശ്രീ.കെ.എം.അബ്ദുളള : കെ.എസ്.റ്റി.യു
13. ശ്രീ.സുനിൽകുമാർ : കെ.പി.റ്റി.എ

2024-25 വർഷത്തെ അക്കാദമിക് കലണ്ടറുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്തു.

1. 2024 ജൂൺ മുതൽ 2025 മാർച്ച് വരെ ആകെ ലഭ്യമാകുന്ന പ്രവൃത്തി ദിനങ്ങളുടെ എണ്ണം (ശനിയാഴ്ചകൾ ഉൾപ്പെടാതെ) -195
2. 2024 ജൂൺ മുതൽ 2025 മാർച്ച് വരെ ആകെ ലഭ്യമാകുന്ന പ്രവൃത്തി ദിനങ്ങളുടെ എണ്ണം (തുടർച്ചയായി 6 പ്രവൃത്തി ദിനങ്ങളിലെ ശനിയാഴ്ചകൾ ഒഴികെ) - 204
3. ജൂൺ മുതൽ 2025 മാർച്ച് വരെ ആകെ ലഭ്യമാകുന്ന പ്രവൃത്തി ദിനങ്ങളുടെ എണ്ണം (എല്ലാ ശനിയാഴ്ചകളും - 2-ാം ശനിയാഴ്ച ഒഴികെ) - 224
4. കഴിഞ്ഞ വർഷത്തെ അക്കാദമിക് കലണ്ടറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആകെ അക്കാദമിക പ്രവൃത്തി ദിനങ്ങൾ - 205

### ചർച്ചയിൽ എല്ലാ അധ്യാപക സംഘടനകളും മുന്നോട്ടുവച്ച കാര്യങ്ങൾ

1. കഴിഞ്ഞ വർഷത്തെ അക്കാദമിക ദിനങ്ങൾ തന്നെ ഈ വർഷവും തുടരുക
2. ആഴ്ചയിൽ 6 പ്രവൃത്തി ദിനങ്ങൾ തുടർച്ചയായി വരുമ്പോൾ ശനിയാഴ്ചകൾ പ്രവൃത്തി ദിനമാക്കരുത്.
3. 2025 മാർച്ചിൽ 6 അക്കാദമിക് ദിനങ്ങൾ ഒരുമിച്ച് വരികയാണെങ്കിലും ആ ശനിയാഴ്ച പ്രവൃത്തിദിനമാക്കാം (മാർച്ച് 2022)

4. ആകെ പ്രവൃത്തിദിനങ്ങൾ 205-ൽ നിജപ്പെടുത്തുക.

5. ഇതിനു പുറമേയുള്ള ദിവസങ്ങൾ ക്ലസ്റ്റർ പരിശീലനത്തിനുവേണ്ടി ഉപയോഗിക്കുക.

## വസ്തുതകൾ:-

ഡബ്ല്യൂ.പി.(സി) നം.25120/2023 തീയതി 26/02/2024 എന്ന കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം 25/04/2024 തീയതിയായി എസ്2 (എ)/1599098/ 2023/ ഡി.ജി.ഇ എന്ന ഉത്തരവ് (സ്റ്റാറ്റിസ്റ്റിക്സ്) പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം കെ.ഇ.ആർ ചാപ്റ്റർ 7 ചട്ടം 3 പ്രകാരം 2024-25 അധ്യയന വർഷം മുതൽ കുറഞ്ഞത് 220 പ്രവൃത്തി ദിവസങ്ങൾ ഉൾക്കൊള്ളുന്ന വിധത്തിൽ വിദ്യാഭ്യാസ കലണ്ടർ പ്രസിദ്ധീകരിക്കേണ്ടതാണ്. ഈ കേസിൽ കോടതിയലക്ഷ്യ കേസ് കൂടി വന്നിട്ടുള്ളതിനാൽ ഇതിൽ നിന്ന് വകുപ്പിന് പിന്നോട്ടു പോകുവാൻ കഴിയുകയില്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർ